©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 ജൂൺ 23
23rd June 2026
1201 മിഥുനം 9
9th Mithunam 1201
1948 ആഷാഢം 2
2nd Ashadha 1948

നമ്പർ
No.
1878

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(*സാന്നിധ്യം*: മിനിമോൾ ഡി., ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി)

നമ്പർ എ3/12092/2023/ഡി.ജി.ഇ. *2026 ജൂൺ 3*

വിഷയം:—പൊതുവിദ്യാഭ്യാസം—ജീവനക്കാര്യം—കോട്ടയം—ശ്രീമതി ലിനറ്റ് റോസ് ഫെർണാണ്ടസ്, പ്രധാനാധ്യാപിക, പി.വി.എസ്.ജി.എച്ച്.എസ്., പാമ്പാടി—എച്ച്.എസ്.എ. തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന അധ്യാപകരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടികയിലെ പേര് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) 5-3-2021-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ വാല്യം X നമ്പർ 1096 (നമ്പർ ഡി6/189498/2020/ഡിജിഇ തീയതി 23-2-2023).

(2) 21-6-2023-ലെ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷൻ വാല്യം XII നമ്പർ 2089 (നമ്പർ 4736/2023/എസ്വൈ1/ഡിജിഇ തീയതി 21-6-2023).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) 28-12-2023-ലെ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഡിഡിഇകെ റ്റിഎം/2225/2023-എ5 നമ്പർ അപേക്ഷയും അനുബന്ധ രേഖകളും.

(4) 23-4-2024, 16-3-2025 എന്നീ തീയതികളിൽ ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് നൽകിയ ഇതേ നമ്പർ കത്തുകൾ.

(5) 2-2-2026, 25-4-2026 എന്നീ തീയതികളിലെ സർക്കാരിൽനിന്നുള്ള GEDN-U3/271/2025-GEDN നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ പാമ്പാടി പി.വി.എസ്.ജി.എച്ച്.എസ്. പ്രധാനാധ്യാപികയായ ശ്രീമതി LYNETTE ROSE FERNANDEZ (ലിനറ്റ് റോസ് ഫെർണാണ്ടസ്)-ന്റെ പേര് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 2001-2006 കാലയളവിലെ ഹൈസ്കൂൾ അധ്യാപകരുടെ സീനിയോറിറ്റി പട്ടികയിലും (റാങ്ക് നമ്പർ 105), സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഹൈസ്കൂൾ എച്ച്.എം./എ.ഇ.ഒ. സ്ഥാനക്കയറ്റത്തിന് അർഹരായ എച്ച്.എസ്.റ്റി.-മാരുടെ 2021-ലെ സെലക്ട് ലിസ്റ്റിലും ലിനറ്റ് റോസ് ഫെർണാണ്ടസ് (LYNETTE ROSE FERNANDEZ)-ന് പകരം ലിനറ്റ് റോസ് (LYNETTE ROSE) എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് തിരുത്തി നൽകുന്നതിന് സൂചന (3) പ്രകാരം കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടികകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനാൽ ആയതിൽ തിരുത്തൽ വരുത്തുന്നതിന് സർക്കാർ അനുമതി ലഭ്യമാകുന്നതിനായി സൂചന (4) പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സഹിതം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിൻപ്രകാരം 2001-2006 കാലയളവിലെ ഹൈസ്കൂൾ അധ്യാപകരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ പേരിൽ തിരുത്തൽ വരുത്തി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് പരാമർശം (5) സർക്കാർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 2001-2006 കാലയളവിലെ ഹൈസ്കൂൾ അധ്യാപകരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 105 ആയി ഉൾപ്പെട്ടിട്ടുള്ള പാമ്പാടി പി.വി.എസ്.ജി.എച്ച്.എസ്. പ്രധാനാധ്യാപികയുടെ പേര് ലിനറ്റ് റോസ് (LYNETTE ROSE) എന്നതിന് പകരം ലിനറ്റ് റോസ് ഫെർണാണ്ടസ് (LYNETTE ROSE FERNANDEZ) എന്ന് തിരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.

*സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/*
*ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.23 06:52:48 +05:30